KUDUMBASHREE

## കൊറോണ കാലത്തിലൂടെ കടവല്ലൂർ സി.ഡി.എസ്

ചോവന്നൂർ ബ്ലോക്ക്പഞ്ചയത്തിലെ**8**പഞ്ചായത്തുകളിൽഒന്നാണ്**20** വാർഡുകൾ ഉൾക്കൊള്ളുന്നകടവല്ലൂർഗ്രാമപഞ്ചായത്.കോല്പാടങ്ങളും,ജൈവപച്ചക്കറിതോട്ടങ്ങളും കൊണ്ട് കാർഷിക സമ്പുഷ്ടമായ ഗ്രാമീണമേഖല.ലോകം കൊറോണ ഭീതിയിൽ വിറകൊണ്ടു നിന്നപ്പോഴും കടവല്ലൂർ പഞ്ചായത്ത് കൊറോണയെന്ന മഹാമാരിയെ കുടുംബശ്രീയുടെ പിന്തുണയോടുകൂടി വളരെ ശതമായി പ്രതിരോധിച്ചു.സാമൂഹിക അടുക്കള, ജനകീയ ഹോട്ടൽ ,വയോജങ്ങൾക്കുള്ള പ്രത്യേക പ്രവർത്തനങ്ങൾ,മാസ്ക്&സാനിറ്റിസെർ നിർമാണം, കൗൺസിലിങ് സംവിധാങ്ങൾ,അവശ്യമരുന്ന് വിതരണം ,സപ്പ്ളൈക്കോ റേഷൻ സാധനങ്ങളുടെ പാക്കിങ്,സന്നദ്ധസേന പ്രവർത്തനങ്ങൾ,കാർഷിക ഉന്നമനപ്രവർത്തനങ്ങൾ,ക്വാറന്റൈൻസംവിധാനം,പച്ചക്കറിവിതരണം,തുടങ്ങി ഒട്ടേറെമേഖലകളിൽ സഹായം നല്കാൻ കുടുംബശ്രീക്കു കഴിഞ്ഞു.

## മൈക്രോ ഫിനാൻസ് മായി ബന്ധപെട്ടു നടത്തിയ പ്രവർത്തനങ്ങൾ

മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതിയുമായി ബന്ധപ്പെട്ട് 150 അയൽക്കൂട്ടങ്ങൾക്കു ലോൺ ശെരിയാവുകയും തുക വിതരണചെയ്തു **.2050** കുടുംബശ്രീ അംഗങ്ങൾക്ക് ലോൺ നല്കാൻ സാധിച്ചു. ലോക്ക്ഡൌൺ സമയത്തു 10 അയൽക്കൂട്ടങ്ങൾക്കു linkage ലോൺ പുതുക്കി നൽകി, ഈ സമയത്തു ലോണുകൾക്കുള്ള മൊറൊട്ടോറിയം കാര്യങ്ങൾ ചെയ്തു.



Scanned by CamScanner

**<u>കുടുംബശ്രീസംഘടനപ്രവർത്തനവും,തൃതലപഞ്ചായത്തുമായുള്ള സഹകരണവും.</u>**

കുടുംബശ്രീസംഘടനാടനാപ്രവർത്തനവും,അറിയിപ്പുകൾനൽകലും,അവലോകനവുംനടത്തിയത് വാട്സപ്പ് ഗ്രൂപ്പുകളിലൂടെ ആയിരുന്നു.വാർഡുതലങ്ങളിലും,അയൽക്കൂട്ട തലങ്ങളിലുമായി അകെ 48 ഗ്രൂപ്പുകൾ ഉണ്ടാക്കി .പഞ്ചായത്തിരാജ് സ്ഥാപനങ്ങളുമായി സഹകരിച്ചു സപ്പ്ളൈക്കോ കിറ്റുകൾ തയ്യാറാക്കി.സന്നദ്ധസേനയിൽ 83 പേരെ ഉൾപെടുത്താൻ സാധിച്ചു. ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചഅറിയിപ്പുകൾ ജങ്ങളിലേക്കുഎത്തിക്കാൻ സാധിച്ചു.




**<u>ജനകീയഹോട്ടലും, കമ്മ്യൂണിറ്റികിച്ചനും</u>**

കമ്മ്യൂണിറ്റികിച്ചൻ മാർച്ച് 26 തിയതിയും, ജനകീയഹോട്ടൽ ഏപ്രിൽ 6 നും ആരംഭിച്ചു.കമ്മ്യൂണിറ്റികിച്ചനിലൂടെ ഇതുവരെയായി 2000 ഭക്ഷണപ്പൊതികൾ വിതരണം ചെയ്തു.ജനകീയ ഹോട്ടലിലൂടെ ദിവസേന 100 ൽ അധികം ഭക്ഷണം വിതരണം ചെയ്തുവരുന്നു.ജനകീയ ഹോട്ടലിലൂടെ അടുത്ത പഞ്ചായത്തുകളിലെ ക്വാറന്റൈനിൽ കഴിയുന്നവർക്കും ഭക്ഷണം നല്കാൻ സാധിക്കുന്നു.

Scanned by CamScanner




**<u>വയോജനങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ</u>**

ഗ്രാമപഞ്ചായത്തിലെ ക്വാറന്റൈനിൽ കഴിയുന്ന മുഴുവൻ വയോനജങ്ങളെയും ദിവസേന മൊബൈൽഫോണിൽ ബന്ധപ്പെടുകയും,വിവരശേഖരണം നടത്തുകയും, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്തുവരുന്നു.കടവല്ലൂർ പഞ്ചായത്തിൽ 16 പേരാണ് ഈ പദ്ധതിയിലൂടെ ബന്ധപ്പെട്ടിരുന്നത്.അഗതി രഹിത കേരളം പദ്ധതിയിലെമുഴുവൻ ഗുണഭോഗ്താക്കൾക്കും,മാസ്കും,സാനിറ്റിസറും,വിതരണം ചെയ്യാൻ സാധിച്ചു.മാനസികമായി വിഷമതകൾ അനുഭവിച്ചിരുന്ന 6 പേർക്ക് കൗൺസല്ലിങ് നല്കാൻ സാധിച്ചു.6 പേർക്ക് ജീവൻ രക്ഷമരുന്നുകൾ എത്തിച്ചു നല്കാൻ സാധിച്ചു.

**<u>ബാലസഭാ പ്രവർത്തനങ്ങൾ</u>**

ലോക്ഡൌൺ ക്രിയാത്മകമായി വിനിയോഗിക്കാൻ ആവശ്യമായ പ്രവർത്തങ്ങൾബാലസഭകളിലൂടെനടപ്പിലാക്കിയിരുന്നു.ബാലകൃഷികൾ,ഓൺലൈൻ കലോത്സവങ്ങൽ,വായനാശീലം പ്രോത്സാഹിപ്പിക്കാൻ ഓൺലൈൻ വായനാമുറികൾ,പഴയകാലഅനുഭവങ്ങൾ പങ്കുവെക്കുന്ന ബാലമുത്തശ്ശി പരിപാടികൾ തുടങ്ങിയവ നടപ്പിലാക്കി.

Scanned by CamScanner




**<u>വിവിധവകുപ്പുകളുമായുള്ള യോജിച്ച പ്രവർത്തനം.</u>**

കാർഷിക ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് കൃഷിവകുപ്പുമായിസഹകരിച്ചു പച്ചക്കറിവിത്തുകളുടെ വിതരണം,ആരോഗ്യവകുപ്പുമായി സഹകരിച്ചു പ്രതിരോധപ്രവർത്തനങ്ങളും,ബോധവത്കരണ പ്രവർത്തനങ്ങളും,പോലീസ് സംവിധാനവുമായി ബന്ധപെട്ടു ജനമൈത്രി പ്രവർത്തനങ്ങളുടെ നടത്തിപ്പ്,സപ്പ്ളൈക്കോ-റേഷൻ ഡിപ്പാർട്ടുമെന്റുകളുമായി സഹകരിച്ചു റേഷൻ സാധനങ്ങളുടെ പാക്കിങ് തുടങ്ങിയ പ്രവർത്തങ്ങളിൽ പങ്കാളിയാവാൻ കുടുംബശ്രീക്ക് കഴിഞ്ഞു.

**<u>മൈക്രോ സംരംഭങ്ങളുമായി ബന്ധപ്പെട്ടു നടത്തിയ പ്രവർത്തനങ്ങൾ</u>**

ഈ ലോക്ക് ഡൌൺ കാലത്താണ് "വീട്ടിൽ ഒരു കുടുംബശ്രീ ഉത്പന്നം "ക്യാമ്പയിൻ ഭാഗമായി  കടവല്ലൂർഗ്രാമ പഞ്ചായത്തിൽ ഒരു  ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചു **.**ടൈലറിങ് യൂണിറ്റ് വഴിയും, കുടുംബശ്രീ അംഗങ്ങൾ വഴിയും 2800 മാസ്ക്, 30 ബോട്ടിൽസാനിറ്റിസർ, എന്നിവ പഞ്ചായത്തിന്റെ പ്രവർത്തനത്തിലേക്കു കൂട്ടി ചേർത്തു.

Scanned by CamScanner



**MKSP** പ്രവർത്തനങ്ങൾ

കമ്മ്യൂണിറ്റി കിച്ചണിലേക്കു ആവശ്യമായ പച്ചക്കറികൾ **JLG** കളിൽ നിന്നും ലഭ്യമായി

മൈക്രോഗ്രീൻ വഴി 291 അയൽക്കൂട്ടങ്ങൾക്കു വിത്ത് വിതരണം ചെയ്തു.

ചാ.ചാ.മ.ചാ ക്യാമ്പയിൻ ഭാഗമായി എല്ലാ വാർഡിലും ചക്കക്കുരു ,മാങ്ങാണ്ടി വിത്തുകൾ പാകുകയും അയൽക്കൂട്ടങ്ങങ്ങൾ അതിനെ നല്ല നിലയിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. 20 അയൽക്കൂട്ടങ്ങൾ പാള കൊണ്ട് ഗ്രോബാഗ് ഉണ്ടാക്കി കൃഷി ചെയ്യുന്നു.

**തയ്യാറാക്കിയത്**

**പി.പി. പ്രസാദ്**

**ചോവന്നൂർ ബ്ലോക്ക്കോ-ഓർഡിനേറ്റർ**

**SD&DDUGKY**

Scanned by CamScanner